*Digital Magazine*

## ലിറ്റിൽ കൈറ്റ്സ് : 2019-20




# ബിറ്റ്സ്

ഗവ.ഹയർസെക്കൻഡറി സ്കൂൾ ആറളം

# ലിറ്റിൽ കൈറ്റ്സ്

## 2019-21 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ അംഗങ്ങൾ

കൈറ്റ് മാസ്റ്റർ : അജേഷ്. പി. ജി

കൈറ്റ് മിസ്ട്രസ് : അന്ന ജോസ്

ANURANJ N
SAYANTH P V
ABHINAV KANNAN P K
HRIDHYA P.
ADITHYA VINOD
ABHAYA A.
AFREEDA .K. P
FATHIMATHUL FIDHA
MUHAMMED AFLAH P
FATHIMATHUL NIDHA
ANSEERA K P

SINAN K V
ANASWARA V.R.
FASILA MUNEER.E
SUVAIBATHUL ASLAMIYA
NISHANA.P.C
FATHIMATH SHAHALA P
AKSHARA K S
MURSHID P
AYISHA RANIYA E K
VISHNU P. S





"വിവരസാങ്കേതികവിദ്യ വൈജ്ഞാനിക മണ്ഡലങ്ങളിൽ അസൂയാവഹമായ പുരോഗതിയുണ്ടാക്കുന്ന ഇക്കാലത്ത് 'Little kites' എന്ന പദ്ധതിയുടെ ഭാഗമായി ആറളം ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ യുവ ശാസ്ത്രജ്ഞന്മാർ നിർമ്മിക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു."

സ്നേഹപൂർവ്വം,

ലാലി. പി. പി.

പ്രിൻസിപ്പാൾ



"വിവരസാങ്കേതികവിദ്യ (IT)യുടെ ലോകം അതിവിശാലമാണ്. സാധ്യതകൾ അനന്തവും ആ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചു നടത്തുന്ന പ്രസ്ഥാനമാണ് ലിറ്റിൽ കൈറ്റ്സ്. ഐടി മേഖലയിൽ കുട്ടിയുടെ അറിവും, അഭിരുചിയും വർധിപ്പിക്കുന്നതിനായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മാസികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. ഈ മാസികയുടെ അണിയറ പ്രവർത്തകരെയും അഭിനന്ദനം അറിയിക്കുന്നു. ഏറെ പണിപ്പെട്ട് തയ്യാറാക്കിയ ഈ മാസിക അതിന്റെ ലക്ഷ്യം നിർവ്വഹിക്കട്ടെ എന്നാശംസിക്കുന്നു"

മനോജ് ഐ ആർ

ഹെഡ് മാസ്റ്റർ



നമ്മുടെ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ആറളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഹൈ-ടെക് നിലവാരത്തിലേക്ക് ഉയർന്നു കൊണ്ടിരിക്കുകയാണ്. കാലഘട്ടത്തിന്റെ അനിവാര്യതയെ എല്ലാ അർത്ഥത്തിലും സാർത്ഥകമാക്കിക്കൊണ്ടിരിക്കികയാണ് നമ്മുടെ വിദ്യാലയം. ഈ വർഷം സ്കൂൾ ലിറ്റിൽ കൈറ്റസ് ഐടി ക്ലബിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നു.

എല്ലാവിധ ആശംസകളും പിന്തുണയും നേരുന്നു

ഷൈൻ ബാബു

പി.ടി.എ. പ്രസിഡന്റ്



കേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഹൈ-ടെക് ആയിമാറിയിരിക്കുന്നു. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പാക്കുന്നത്. സർക്കാറിന്റെ ഹൈ-ടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടത്തിവരുന്ന ഐടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. പാഠപുസ്തകത്തിന് പുറമെ കമ്പ്യൂട്ടറുകളെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് അംഗങ്ങൾക്ക് കഴിയുന്നു. ഭാവി തലമുറയുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ മേഖലയിൽ താൽപര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി ഒരുക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിവരസാങ്കേതിക രംഗത്ത് ആഴത്തിൽ അറിവുകളുള്ള സംഘമായി വളർകേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഹൈ-ടെക് ആയിമാറിയിരിക്കുന്നു. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പാക്കുന്നത്. സർക്കാറിന്റെ ഹൈ-ടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടത്തിവരുന്ന ഐടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. പാഠപുസ്തകത്തിന് പുറമെ കമ്പ്യൂട്ടറുകളെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് അംഗങ്ങൾക്ക് കഴിയുന്നു. ഭാവി തലമുറയുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ മേഖലയിൽ താൽപര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി ഒരുക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിവരസാങ്കേതിക രംഗത്ത് ആഴത്തിൽ അറിവുകളുള്ള സംഘമായി വളർന്നിരിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടക്കുന്ന പാഠ്യ-പാഠ്യേതര പഠനപ്രവർത്തനത്തിന്റെ ഭാഗമായി ആറളം ഗവൺമെന്റ് സ്കൂളിലെ കുട്ടികൾ തയാറാക്കിയ ഡിജിറ്റൽ മാഗസിന്റെ നിർമാണത്തിൽ പങ്കാളിയായ എല്ലാ അംഗങ്ങളെയും അതോടൊപ്പം അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും

പ്രോത്സാഹനങ്ങളും നൽകി അവരെ വളർത്തി കൊണ്ട് വന്ന ലിറ്റിൽ കൈറ്റ്സ് കൺവീനർമാരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. സാങ്കേതികമായി മുന്നിട്ട് നിൽക്കുന്ന യുവതലമുറയെ ഉൾകൊള്ളുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു .

ജാൻസി തോമസ്
സ്റ്റാഫ് സെക്രട്ടറി



ആറളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികളും സ്കൂളിന്റെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി കാലഘട്ടത്തിന്റെ സങ്കേതങ്ങളുപയോഗപ്പെടുത്തുന്ന ഈ സംരഭത്തിന് എല്ലാ ഭാവങ്ങളും നേരുന്നു.

പി. രവീന്ദ്രൻ

വാർഡ് മെമ്പർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : മനോജ് ഐ ആർ

സ്റ്റാഫ് എഡിറ്റർ : അന്ന ജോസ്

ൊസ്റ്റുഡന്റ് എഡിറ്റർ :വിഷ്ണു പി എസ്

ടൈപ്പിംഗ് : ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

ഉപദേശം : അജേഷ്. പി. ജി
: അന്ന ജോസ്

ലേ ഔട്ട് & ഡിസൈൻ : അജേഷ് പി.ജി

# എഡിറ്റോറിയൽ...............

കാലത്തിനൊപ്പം നടക്കാനാവുക എന്നത് ബൗദ്ധികമായ ഉണർവിന്റെ അടയാളപ്പെടുത്തലാണ്. സാങ്കേതിക വിദ്യയുടെ കുതിപ്പിനൊപ്പം സഞ്ചരിക്കാൻ കാലം ആവശ്യപ്പെടുന്ന വേളയിൽ അത് സാക്ഷാത്ക്കരിക്കുക എന്നത് ബന്ധപ്പെട്ടവരുടെ ആവശ്യവും ഉത്തരവാദിത്ത്വവും ആയി മാറുന്നു. ആറളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഓരോ ഋതുഭേദങ്ങളുടെയും സന്ദർഭങ്ങളൾക്കൊപ്പമാണെന്നത് നമ്മുടെ ധന്യത ആകുന്നു. ആറളം ഗവൺ മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐറ്റി കൂട്ടി കൂട്ടായ്മയുടെ ഭാഗമായി ഒരുക്കുന്ന ഈ സർഗ്ഗരചനയിൽ സാങ്കേതികയുടെ സാധ്യതകൾ ആരായുകയാണ്. അക്ഷരം ആനന്ദമാക്കിയ, അറിവ് അഗ്നിയാക്കിയ വിദ്യാർത്ഥികളുടെ സ്വയം പ്രതിഫലനമാണിത്. ഇവിടെ സർഗ്ഗരചനയും സാങ്കേതികതയും ഇഴചേരുന്നു.

# അകത്താളുകളിൽ


1. അഹങ്കാരിയായ പൂവൻ....12
2. അനുസരണക്കേട്....13
3. അവസാനമായി....14
4. ജീവൻ പൊലിച്ച താമര....16
5. ശ്മശാനം....17
6. തെറ്റുപറ്റിയ മനു....18
7. ഹൈഡ്രജൻ ബലൂൺ നഷ്ടപ്പെട്ട കുട്ടി....20
8. ഓടിയൊളിച്ചേ....21
9. കെണിയിൽപ്പെട്ട പ്രാവ്....22
10. അത്യാഗ്രഹിയായ സ്ത്രീ....23
11. അവസരങ്ങൾ കണ്ടെത്താം....24
12. കറുത്ത വെള്ളപ്പാവാട....25
13. തിളക്കുന്ന ചോരകൾ....28
14. പ്രകൃതി തൻ പ്രതികാരം....30
15. അത്യാഗ്രഹിയായ അമ്മൂമ്മ....31
16. വരകൾ വർണങ്ങൾ....32

# അഹങ്കാരിയായ പൂവൻ

ചൈന പട്ടണത്തിൽ ഹേയാങ് എന്ന ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു . അയാൾക്ക് എട്ട് കോഴികൾ ഉണ്ടായിരുന്നു. അതിൽ നാലെണ്ണം പൂവനും നാലെണ്ണം പെടയും ആയിരുന്നു പൂവനിൽ മൂന്നാമൻ വെറും അഹങ്കാരിയാണ്. അതുകൊണ്ടുതന്നെ അവനെ ആർക്കും ഇഷ്ടമല്ലായിരുന്നു. ഒരോ ദിവസം കഴിയുമ്പോഴും പൂവന്റെ അഹങ്കാരം കൂടിക്കൂടി വന്നു. അവന്റെ ശല്യം ഒഴിവാക്കാൻ എല്ലാ കോഴികളും തീരുമാനിച്ചു. അങ്ങനെ അവർ പിറ്റേന്ന് രാവിലെ പൂവനോട് കാട്ടിൽ തനിക്കുള്ള ഭക്ഷണം തയാറാക്കിയിട്ടുണ്ടെന്ന് പറഞ്ഞ് കൊണ്ടു പോയി. കുറെ നടന്നതിന് ശേഷം കാടിന്റെ നടുവിലെത്തി. അവിടെ ഒരു കുറുക്കൻ കിടന്നുറങ്ങുന്നത് അവർ കണ്ടു. കുറുക്കനെ കണ്ടപ്പോൾ തന്നെ അവർക്ക് മനസ്സിലായി ആകുറുക്കൻ വിശന്ന് തളർന്ന് കിടക്കുകയാണെന്ന്. എന്നാൽ ഇതൊന്നും നമ്മുടെ അഹങ്കാരിയായ പൂവൻ കണ്ടിരുന്നില്ല . അങ്ങനെ അഹങ്കാരിയായ പൂവൻ മരത്തിന് അടുത്തേക്ക് പോകുമ്പോൾ മറ്റ് കോഴികൾ പറഞ്ഞു " അവിടേക്ക് പോകരുത് അവിടെ വിശന്ന് തളർന്ന് കിടക്കുന്ന ഒരു കുറുക്കൻ ഉണ്ട് . അവിടെ പോയാൽ അതിന്റെ ഇരയാകും നീ...”. അപ്പോഴും ആ കോഴി അവരെ പുച്ഛി.ച്ചു . അങ്ങനെ മരത്തിന്റെ അടുത്തെത്തി. ആ കുറുക്കൻ പൂവനെ കണ്ടു. അപ്പോൾ തന്നെ കുറുക്കന്റെ വായിൽ നിന്ന് വെള്ളമൂറി. അങ്ങനെ പൂവന്റെ മുകളിലേക്ക് കുറുക്കൻ ചാടി വീണു . അഹങ്കാരിയായ പൂവനെ പിച്ചിച്ചീന്തുന്നത് കണ്ട് മറ്റ് കോഴികൾക്ക് തോന്നി തനിക്ക് ഈ അവസ്ഥ വന്നാൽ ആരുണ്ട് സഹായിക്കാൻ. അപ്പോൾ ആ കുറുക്ക

ഫാത്തിമത്ത് റിഷാന കെ
IX C

# അനുസരണക്കേട്

ഒരിക്കൽ കൃഷ്ണപുരം എന്ന ഗ്രാമത്തിൽ അബി എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായുരുന്നു. അബിക്ക് ആരെയും പേടിയും ബഹുമാനവും ഒന്നും ഇല്ലായിരുന്നു. അവന്റെ അമ്മ പറയുന്നത് പോലും അവൻ അനുസരിക്കില്ലായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അബി അമ്മയുടെ കൂടെ കടയിലേക്കു പോയി. ശക്തമായ കാറ്റും മഴയും ഉണ്ടായിരുന്നു. അവൻ വഴിയരികിലൂടെ നടന്നു കൊണ്ടിരിക്കെ അവന്റെ കൂട്ടുകാർ വെള്ളത്തിൽ കളിച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. അബി അമ്മയുടെ കൈകൾ വിട്ടുകൊണ്ട് കൂട്ടുകാരുടെ അടുത്തക്ക് ഓടി.

അമ്മ അവനെ പിറകിൽനിന്ന് വിളിച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു . മോനെ............ അബീ.................

അബീ...................... അങ്ങോട്ടേക്ക് പോവല്ലേ ............................ എന്ന് അവൻ അമ്മയുടെ വാക്കുകൾക്ക് വിലവെക്കാതെ വെള്ളത്തിൽ കൂട്ടുകാരുടെ അടുത്ത് കളിച്ചു കൊണ്ടിരിക്കുമ്പോൾ വെള്ളത്തിലോക്ക് വഴുതി വീണു. അബി ഓർമയായി

ഗുണപാഠം- മാതാപിതാക്കളുടെ വാക്കുകൾ അനുസരിച്ചില്ലെങ്കിൽ ചതിക്കുഴി മുന്നിലുണ്ട് .

ഫാത്തിമത്ത് ഷബീബ
X B

# അവസാനമായി

അന്ത്യമാം യാമത്തിൽ
ഞാനെന്റെ കലാലയപ്പടികൾ
ഒന്നൊന്നായി ചവിട്ടിയിറങ്ങുമ്പോൾ
എവിടെയോ എന്തൊക്കെയോ
മറന്നുപോയീ ഞനെടുത്തീടുവാൻ
എന്തെന്നറിവില്ല എങ്കലും എന്റേതായ-
തെന്തൊക്കെയോ മറന്നു വച്ചിട്ടുണ്ട്
കത്തിയമരുന്ന മനതാരിൽ
കത്തിയെരിയുന്ന ചിന്തകളെയെ-
ടുത്തൊന്നുഴിഞ്ഞപ്പോൾ
സമ്മാനമായി കിട്ടിയ
കാലുകൾ വിറച്ചുകൊണ്ടോടുന്നു
ഞാനെന്റെ കാതുകൾ കാറ്റുകൾക്കായി
സമർപ്പിച്ചപ്പോൾ
ഏതോ ഒരു ശോകഗാനമാമീണങ്ങൾ
തലോടിക്കടന്നു പോയിതാ
പത്താം തരത്തിന്റെ
തിരക്കുകളും കളിചിരികളും
തമാശകളും എല്ലാം ഇന്നലെ
ആരോ എടുത്തുടച്ച
കണ്ണാടിയുടെ രൂപമിതാ പുഞ്ചിരിക്കുന്നു
എന്റെ പ്രിയ കലാലയമേ
നിന്റെ അത്തിമരച്ചുവട്ടിൽ
നിന്നെയെടുക്കാൻ ഞാൻ മറന്നത്
എന്റെ ഓർമകൾ മാത്രം
വേണ്ടാ എനിക്കത്
എന്റേതാം ഓർമകൾ

എന്റേതായിത്തന്നെ എന്റെ
വിദ്യാലയത്തിലിരിക്കട്ടേ.

ഞാനതെടുത്താൽ
കളഞ്ഞുപോയേക്കാമേ-
തെങ്കിലും കവലകളിൽ
അതിനാൽ സമർപ്പിതം
എന്റെ നൊമ്പര ലീലകൾ
ഇനിയെന്റെ വിദ്യാലയപൂമരം
പൂക്കുന്നതും കായ് ക്കുന്നതും
എന്റെ മനോരഥങ്ങളിൽ മാത്രം
ഇനിയെന്റെ ഓർമകൾ
തഴുകിത്തലോടുന്നതെന്റെ
പൂക്കാ മരങ്ങളിൽ മാത്രം
വിടതരൂ നൊമ്പരാലയമേ
നിന്റെ മൂർദ്ധാവിൽലൊന്നായി ചുമ്പിച്ചിടുന്നു
ഞാൻ
വിണ്ടും വാരും ഞാനൊരുനാളിൽ
റീയൂണിയൻ തൻ കുളിരേൽക്കുവാൻ
അതുവരെ വിടതരൂ,വിടതരൂ എൻ പ്രിയ
സ്നേഹം തൻ പൂമരം സർഗ്ഗാലയമേ

jsxsookdp
jijddedskd

# ജീവൻ പൊലിച്ച താമര

അപ്പുവും ഉണ്ണിയും നല്ല കൂട്ടുകാരാണ്. ഒരു ദിവസം അപ്പു സ്ക്കൂളിൽ പോകുമ്പോൾ പെട്ടന്ന് മഴ പെയ്തു. അവൻ കുടയെടുക്കാത്തത് കാരണം ഒരു കടയിൽ കയറി. അപ്പോഴാണ് അപ്പുവിൻ ഓർമ്മ വന്നത് ഉണ്ണിയുടെ പിറന്നാളാണെന്ന് അവൻ വേഗം തന്നെ ഒരു വെള്ള പേപ്പർ എടുത്ത് അതിൽ ചിത്രം വരച്ചു. അത് കഴിയുമ്പോഴേക്കും മഴ കുറഞ്ഞു. അവൻ വേഗം തന്നേ സ്ക്കുളിലേക്ക് യാത്ര തിരിച്ചു. അവൻ സ്ക്കുളിൽ എത്തിയയുടൻ ഉണ്ണിക്ക് അത് അത് നൽകി ഉണ്ണി തറന്നു. "ഹാ.... നല്ല ഭംഗിയുള്ള താമര " അതും പറഞ്ഞ് അപ്പുവിന്റെ അടുത്തു വന്നു. എന്നിട്ട് പറഞ്ഞു "നിനക്ക് ഞാൻ നിന്റെ പിറന്നാളിന് ഒർജിനൽ തരും" . അങ്ങനെ കുറെ ദിവസങ്ങൾ കടന്നു പോയി. അപ്പുവിന്റെ പിറന്നാളിന്റെ പിറ്റേ ദിവസം അപ്പുവിന് സമ്മാനിക്കാൻ താമര പറിക്കാൻ വേണ്ടി പോകുമ്പോൾ മഴ പെയ്തു. അവൻ അത് കൂട്ടാക്കാതെ തന്റെ കൂട്ടുകാരൻ പൂ കൊടുക്കണമെന്ന വാശിയിൽ താമര പറിക്കാൻ വേണ്ടി കുളത്തി

ഫാത്തിമത്ത് ഷബീബ
X B

# ശ്മശാനം

കുട്ടികൾ കോളേജിൽ ആന്വൽ ഡേയുടെ ആഭാസങ്ങളിൽ നിന്ന് മെല്ലെ മുങ്ങി, തന്റെ ഗേൾഫ്രണ്ട്സിനെയും കൂട്ടി കോളേജിന്റെ തൊട്ടുപിന്നിലുള്ള ആരും എത്തിനോക്കാത്ത റോഡിലൂടെ നടന്നു. അപ്പോഴാണ് ഒരേപോലുള്ള ചെടികൾ വെച്ചലങ്കരിച്ച ചന്ദനത്തിരിയുടെ മണമുള്ള ചെറിയൊരു കുറ്റിക്കാട് കണ്ടത്. സെൽഫി എടുക്കാൻ പറ്റിയ സ്ഥലമാണല്ലോ എന്ന് കരുതി അവർ മുന്നും പിന്നും നോക്കാതെ മതില് കടന്ന് ആ കാട്ടിലേക്ക് കയറി. ഒരുപാട് സെൽഫിയൊക്കെ എടുത്ത്, ഒടുവിൽ ടിക്ടോക്കിൽ വിഡിയോ ചെയ്യുന്നതിനിടയിലാണ് മരക്കൂട്ടങ്ങൾക്കിടയിൽ ഒരു മരത്തിൽ വലിയ ഒരു ബോർഡ് വച്ചത് കണ്ടത്, കൂട്ടുകാർ 8 പേരും മുഖത്തോട് മുഖം നോക്കി ഒടുവിൽ തങ്ങളുടെ കാലിനടിയിലുള്ള ചീഞ്ഞളിഞ്ഞ റീത്തിലേക്കും.......

ഫാത്തിമത്ത് റിഷാന. കെ
IX.C

# തെറ്റുപറ്റിയ മനു...

ഒരിക്കൽ ഒരു ഗ്രാമത്തിൽ മനു എന്നും ബിനു എന്നും പേരുള്ള രണ്ട് സുഹൃത്തുക്കളുണ്ടായിരുന്നു. ബിനു എല്ലാവരോടും സ്നേഹവും ആദരവും കരുണയുമുള്ള എല്ലാവരെയും സഹായിക്കുന്ന ഒരു വ്യക്തിയായിരുന്നു. എന്നാൽ മനു അങ്ങനെയല്ല .എല്ലാവരോടും ദേഷ്യപ്പെടുന്ന ആരെയും സഹായിക്കാത്ത ദുഷ്ടനായ ഒരു മനുഷ്യനായിരുന്നു. അങ്ങനെയിരിക്കെ അവരുടെ ഗ്രാമത്തിൽ വലിയ ഒരു വെള്ളപ്പൊക്കമുണ്ടായി. എല്ലാവരുടെ വീടും വെള്ളത്തിലേക്ക് താഴന്നിറങ്ങി. എന്നാൽ വലിയ പണക്കാരനായ മനുവിന്റെ വീടിന് ഒന്നും സംഭവിച്ചിരുന്നില്ല. അപ്പോൾ കുറച്ച് പേർ മനുവിന്റെ വീട്ടിലേക്ക് സഹായത്തിനു വേണ്ടി പോയി. ഇവരുടെ വിളികേട്ട് മനു അകത്തു നിന്ന് ദേഷ്യത്തോടെ പുറത്തേക്ക് വന്നു. കാര്യങ്ങൾ അന്വേഷിച്ചു. ഇതൊക്കെ കേട്ടപ്പോൾ മനു അവരെ വഴക്കു പറഞ്ഞു കൊണ്ട് അവിടെ നിന്ന് തല്ലി ഓടിച്ചു. എല്ലാവരും സങ്കടത്തോടെ ബിനുവിന്റെ വീട്ടിലേക്കു പോയി.സാധുവായ ബിനു വിവരങ്ങളൊക്കെ അന്വേഷിച്ച്

അവർക്കു വേണ്ട സഹായങ്ങളൊക്കെ തന്നെ കൊണ്ട് കഴിയുന്നത്ര ചെയ്തു കൊടുത്തു. കുറേകാലങ്ങൾക്കു ശേഷം എല്ലാവർക്കും സ്വന്തമായി ഒരു വീടൊക്കെ നിർമ്മിച്ചു. എല്ലാവരും സന്തോഷത്തോടെ കഴിഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം ഒരാൾ ബിനുവിന്റെ വീട്ടിൽ വന്ന് വാതിലിൽ മുട്ടുന്നത് കേട്ടു. ബിനു വേഗം വാതിൽ തുറന്ന് മുറ്റത്തേക്കിറങ്ങി. അപ്പോൾ ഒരു യാചകനെ പോലെ അവശനായി കൊണ്ട് മുറ്റത്ത് നിൽക്കുന്ന ഒരാളെയാണ് ബിനു കണ്ടത്. ബിനു അയാളെ മുമ്പ് എവിടെയോ കണ്ട പരിചയമുണ്ടായിരുന്നു. ബിനു മുമ്പ് നടന്ന സംഭവങ്ങളൊക്കെ ഓർത്തു കൊണ്ട് അയാളോട് ചോദിച്ചു." നിങ്ങലുടെ പേര് മനു എന്നാണോ?" അപ്പോൾ അയാൾ തിരിച്ച് മറുപടിയായി പറഞ്ഞു. "അതെ എന്റെ പേര് മനു എന്നാണ്. എനിക്കൊരു അസുഖം പിടിപ്പെട്ടിരിക്കുകയാണ്.എന്റെ ഭാര്യയും മക്കളും എന്നെ ഉപേക്ഷിച്ചു.എന്നെ ശ്രുശ്രൂശിക്കാൻ ഇപ്പോൾ ആരും ഇല്ല. നിങ്ങൾ എന്നെ സഹായിക്കണം." ഇതു കേട്ട ബിനു മുമ്പ് നടന്ന സംഭവങ്ങളൊക്കെ മനുവിന് വിവരിച്ചു കൊടുത്തു. ബിനു അയാളെ സഹായിച്ചില്ല. അയാളോട് എല്ലാവരുടെയും പ്രതികരണം ഇതു തന്നെയായിരുന്നു. മനു വിഷമത്തോടെ

തനിക്ക് പറ്റിയ തെറ്റ് മനസ്സിലാക്കി. സ്നേഹമുള്ള ആദരവുള്ള കരുണയുള്ള എല്ലാവരെയും സഹായിക്കുന്ന ഒരു മനുഷ്യനായി തീർന്നു.

ഗുണപാഠം:കൊടുത്തത് മാത്രമേ തിരിച്ച് കിട്ടുകയുള്ളൂ.

ആദിത്യൻ വി. കെ
IX C

# ഹൈഡ്രജൻ ബലൂൺ നഷ്ടപ്പെട്ട കുട്ടി

എന്റെ നാട്ടിലെ ഉത്സവമായിരുന്നു. ഏകദേശം മൂന്നുനാല് വയസ്സ് തോന്നിക്കുന്ന പെൺകുട്ടി അച്ഛന്റെയും അമ്മയുടെയും കൈയും പിടിച്ച് അമ്പലത്തിലേക്ക് പോകുകയായിരുന്നു. ശ്രദ്ധ മുഴുവനും ആ വഴിയോരത്ത് തൂക്കിയിട്ട ഹൈഡ്രജൻ ബലൂൺ ആയിരുന്നു. പക്ഷെ അതൊന്നും ശ്രദ്ധിക്കാതെ അവളുടെ രക്ഷിതാക്കൾ അവളേയും കൊണ്ട് അമ്പലനടയിലേക്ക് നടന്ന് നീങ്ങി. പ്രാർത്ഥനയിൽ മുഴുകിയ രക്ഷിതാക്കൾ അവളുടെ മുഖഭാവങ്ങൾ ശ്രദ്ധിച്ചില്ല. അമ്മയുടെ കൈയിൽ നിന്നും അവൾ നടന്നു നീങ്ങി. വിശാലമായ അമ്പലമുറ്റം ജനങ്ങൾ തിങ്ങി നിറഞ്ഞിരുന്നു. എല്ലാം ശ്രദ്ധിച്ചു കൊണ്ട് അവളുടെ അച്ഛൻ പിറകെയുണ്ടായിരുന്നു. അവൾ ചെന്നു നിന്നത് ആ ബലൂൺ വിൽക്കുന്ന കടയുടെ മുൻപിലായിരുന്നു. അവൾ തിരിഞ്ഞു നോക്കുമ്പോൾ പിറകിൽ അച്ഛനുണ്ടായിരുന്നു. അവളുടെ ആഗ്രഹം മനസ്സിലാക്കിയ അച്ഛൻ അവൾക്ക് ഒരു ബലൂൺ വാങ്ങികൊടുത്തു. ആ സന്തോഷത്തിൽ അവൾ അച്ഛന്റെ കവിളത്ത് ഒരു ചക്കര ഉമ്മ കൊടുത്തു. ആ വിശാലമായ അമ്പലമുറ്റത്ത് അവൾ കളിച്ചു നടന്നു രസിച്ചു. പക്ഷെ ആ സന്തോഷം ഏറെ നേരം നിലനിന്നില്ല. ഒരു നിമിഷം കൊണ്ട് ആ ബലൂണിന്റെ നൂല് അവളുടെ കൈയിൽ നിന്ന് എങ്ങനെയോ കൈവിട്ടു പോയി.

അടുത്ത ഉത്സവത്തിനുള്ള സ്വപനങ്ങൾക്ക് ചിറകുകൾ നൽകി യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് തന്റെ കഴിഞ്ഞു പോയ കാലത്തെ ഹൈഡ്രജൻ ബലൂണിന്റെ ഓർമ്മകൾക്ക്... ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ആ ഉത്സവത്തിൻ എത്തുമ്പോൾ അവളെ കുട്ടിക്കാലത്തേക്ക് തിരിഞ്ഞു നോക്കാൻ അവസരം സൃഷ്ടിക്കും... എത്ര കാലം കഴിഞ്ഞാലും.

അഭയ
9 A

# ഓടിയൊളിച്ചേ

മീശക്കാരൻ  എലിയച്ചൻ
സൂത്രക്കാരൻ എലിയച്ചൻ
കണ്ടൻ പൂച്ചയെ കണ്ടപ്പോൾ
ഓടിയൊളിച്ചു വേഗത്തിൽ
അങ്കവാലൻ പൂങ്കോഴി
കൊക്കര ക്കുക്കും പൂങ്കോഴി
കുറുക്കച്ചാരെ കണ്ടപ്പോൾ
ഓടിയൊളിച്ചു വേഗത്തിൽ
പുള്ളികളുള്ളൊരു പാമ്പച്ചൻ
പാത്തിവിടർത്തും പാമ്പച്ചൻ
കീരിക്കുട്ടനെ കണ്ടപ്പോൾ
ഓടിയൊളിച്ചു വേഗത്തിൽ

അൻസീറ കെ.പി.
9A

# കെണിയിൽപ്പെട്ട പ്രാവ്

ഒരിക്കൽ ഒരുകൂട്ടം പ്രാവുകള്ജീവൻ പൊലിച്ച താമരശ്ശശാനംതെറ്റുപറ്റിയ മനു...ഹൈഡ്രജൻ ബലൂൺ നഷ്ടപ്പെട്ട കുട്ടി  ഓടിയൊളിച്ചേകെണിയിൽപ്പെട്ട പ്രാ തീറ്റയന്വേഷിച്ച് പറക്കുകയായിരുന്നു.

പിന്നീട് അവ താഴെ ധാരാളം ധാന്യമണികൾ തിന്നാൻ തുടങ്ങി.

ആ പ്രാവുകളെല്ലാം ഒരു വേടൻ വെച്ചിരുന്ന വലയിൽ കുടിങ്ങി.

“രക്ഷപ്പെടാൻ ഇനി എന്താണു മാർഗം?”

അവർ തമ്മിൽ തമ്മിൽ ചോദിച്ചു.

“ഞാൻ പറയുന്നതുപോലെ ചെയ്താൽ നമുക്കല്ലാം രക്ഷപ്പെടാം.”

വൃദ്ധനായ ഒരു പ്രാവ് പറഞ്ഞു.

“ഞങ്ങൾ എന്താണ് ചെയ്യേണ്ടത്.”മറ്റു പ്രാവുകൾ ചോദിച്ചു .

“വേടൻ വന്ന് നമ്മളെ ഓരോരുത്തരെയായി പുറത്തെടുക്കും.അപ്പോൾ

ആരും പിടയാതെ ചത്തതുപോലെ കിടക്കണം. അവസാനത്തെ പ്രാവിനേയും പുറത്തിട്ടശേഷം വേടൻ വല മടക്കുമ്പോൾ ഞാൻ

പറക്കും ഒപ്പം നിങ്ങളെല്ലാവരും പറക്കണം.” വയസ്സൻ പ്രാവ് വിശദീകരിച്ചു. പ്രാവുകളെല്ലാം മുത്തച്ഛൻ പ്രവ് പറഞ്ഞതുപോലെ

പ്രവർത്തിച്ചു. വേടൻ അവസാനത്തെ പ്രാവിനെയും പുറത്തുവച്ചതോടെ

വൃദ്ധൻ പ്രാവ് ചിറകടിച്ചു പറന്നു. മറ്റു പ്രാവുകൾ ഒപ്പം 'പട–പട–പട–പടാന്ന് ശബ്ദമുണ്ടാക്കി ആകാശത്തേക്ക് പറന്നുയർന്നു. വേടൻ അതുകണ്ട്

മാനത്തേക്ക് നോക്കി വായും പിളർന്ന് നിന്നുപോയി.

ഫാത്തിമത്ത് റിഷാന.കെ
IX C

# അത്യാഗ്രഹിയായ സ്ത്രീ

ഒരിക്കൽ രാമപുരം എന്ന ഗ്രാമത്തിൽ രാധ എന്നും മിനി എന്നും പേരുള്ള രണ്ട് സ്ത്രീകൾ ജീവിച്ചിരുന്നു. രാധ വളരെ അത്യാഗ്രഹിയായിരുന്നു. മിനി അങ്ങനെയല്ല, ഉള്ളതിൽ സംതൃപ്തമായി ജീവിച്ചിരുന്നു. അങ്ങനെയിരിക്കെ മിനി ഒരു ചായക്കട തുടങ്ങി. എല്ലാ ദിവസവും വളരെ അധികം ആളുകൾ മിനിയുടെ കടയിൽ വന്ന് ചായ കുടിക്കുമായിരുന്നു. അങ്ങനെ ചായക്കടയിൽ നിന്ന് കുറെയേറെ കാശുണ്ടാക്കി സന്തോഷത്തോടെ ജീവിച്ചു. മിനി സന്തോഷത്തോടെ ജീവിക്കുന്നത് കണ്ട് അസൂയ മൂത്ത രാധ മിനിയുടെ ചായക്കടയുടെ എതിർ ദിശയിൽ തന്നെ മറ്റൊരു ചായക്കട കൂടി തുടങ്ങി. പക്ഷെ എല്ലാവരും മിനിയുടെ കടയിൽ തന്നെയായിരുന്നു ചായക്കുടിക്കാൻ പോയിരുന്നത്. കാരണം മിനി ഒരു സാധുവായ സ്ത്രീയായിരുന്നു. എല്ലാവരോടും സന്തോഷപൂർവ്വം പെരുമാറുന്ന വിനയമുള്ള ഒരു സ്ത്രീ. എന്നാൽ രാധ അങ്ങനെയല്ല. ചായ കുടിക്കാൻ വരുന്ന എല്ലാവരോടും വഴക്കിടുമായിരുന്നു. എല്ലാവരും മിനിയുടെ കടയിൽ പോവാതെ തന്റെ കടയിൽ വരണമെന്ന് രാധ ആഗ്രഹിച്ചു. അങ്ങനെ ചായയുടെ രുചി വർധിപ്പിക്കാൻ വേണ്ടി രാധ ചായയിൽ മായം കലർത്താൻ തുടങ്ങി. അങ്ങനെ എല്ലാവരും രാധയുടെ കടയിൽ നിന്ന് ചായ കുടിക്കാൻ തുടങ്ങി. പക്ഷെ സാധുവായ മിനിക്ക് ഇത് ഒരു പ്രശ്നമല്ലായിരുന്നു. അങ്ങനെ രാധ ഒരു വലിയ പണക്കാരിയായി മാറി. പണത്തിനോടുള്ള അത്യാഗ്രഹം കാരണം അവർ ചായയുടെ വില കൂട്ടുകയും മായം കലർന്ന ചായ വിൽക്കുകയും ചെയ്തു. അങ്ങനെ രാധയുടെ കടയിൽ നിന്ന് ചായ കുടിക്കുന്നവർക്കൊക്കെ അസുഖങ്ങൾ ബാധിക്കാൻ തുടങ്ങി. നാട്ടുകാർ ഇതിൽ സംശയം പ്രകടിപ്പിച്ച് രാധയുടെ കട പരിശോധിച്ചു. ജനങ്ങൾ എല്ലാവരും അദ്ഭുതപ്പെട്ടു പോയി. കുറെയേറെ മായം കലർന്ന ഭക്ഷണപദാർഥങ്ങൾ എല്ലാവരും അമ്പരന്നു നിന്നു. നാട്ടുകാർ അവളെ പോലീസിൽ ഏൽപ്പിച്ചു. അവളുടെ ചായക്കട നശിച്ചു പോയി. മിനി സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം:"അത്യാഗ്രഹം ആപത്ത്.”

ഏദ്യ പി
9A

# അവസരങ്ങൾ കണ്ടെത്താം

ഒരു കർഷകൻ തന്റെ കഴുതചയുമായി മരുഭൂമിയിലൂടെ യാത്ര ചെയുകയായിരുന്നു. വഴിമദ്ധ്യേ കഴുത വലിയൊരു കുഴിയിലെക്കു വീണു. കുഴിയിൽ നിന്നു തന്റെകഴുതയെ രക്ഷപ്പെടുത്താൻ കർഷകൻ പഠിച്ചപണി പലതും നോക്കി. ഒരു നിലക്കും സാധിക്കുന്നില്ലെന്നു ബോധ്യമായതോടെ അയാൾ കുറച്ചു മണൽ കോരി കുഴിയിലേക്കിട്ടു. കുഴിയിലിരുന്നു കര ഞ്ഞുകൊണ്ടിരുന്ന കഴുത താന്റെ മുതുകത്ത് മണൽക്കുന വന്നുവീണപ്പോൾ ഉടൻ തന്നെ അതു കുടഞ്ഞുകളഞ്ഞു. എന്നിട്ട് ആ മണൽക്കൂനയുടെ മുകളിൽ കയറിനിന്നു. ഇതുപലതവണ ആവർത്തിച്ചു. കുറെ കഴിഞ്ഞപ്പോൾ കഴുത കുഴിയുടെ പുറത്തെത്തി. സന്തോഷവാനായ കർഷകൻ തന്റ കഴുതയെയും കൂട്ടി യാത്ര തുടർന്നു.

അബിന വിജയൻ
IX C

# കറുത്ത വെള്ളപ്പാവാട

മദ്യപാനം മൂലം ചിതറി തെറിക്കുന്ന ഒരായിരം കുടുംബ ജീവിതങ്ങൾ ഉണ്ട്. ആ അവസ്ഥ മദ്യപാനിയായ ഒരാളുടെ മകളുടെ സ്വപ്നങ്ങൾ ഇളം പ്രായത്തിലെ നുള്ളി നശിപ്പിക്കുന്ന അവസ്ഥയാണ് കഥയിലേത് . രാമുവെന്ന തികഞ്ഞ മദ്യപാനി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ശ്രീ മണി ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ . രാമുവിന്റെ ഭാര്യ യ ശോഭ മാറാരോഗം പിടിപെട്ട് മരണമടഞ്ഞിരുന്നു. രാമുവിന്റെ ജീവിതത്തിൽ അങ്ങോട്ട് മകൾ എന്ന ഒരുവൾ ഉണ്ടായിരുന്നില്ല. രാമുന്റെ മകൾ അതിസുന്ദരിയാണ് . മയിൽപീലിയുടെ സൗന്ദര്യം ആണ് അവൾക്ക്. ചന്ദ്രന്റെ നിറം. രാധിക എന്ന പേരുള്ള അവളെ രാധു എന്നാണ് പലരും വിളിക്കാറുള്ളത്. രാധുവിന്റെ സ്കൂൾ ജീവിതം തുടങ്ങാൻ വെറും ഒരു ദിവസം മാത്രം മുന്നിൽ നിൽക്കെ അവൾ വിഷമിച്ചിരിക്കുകയാണ്. രാധുവിന് സ്കൂളിൽ പോവാൻ വളരെയധികം ഇഷ്ടമാണ് അവളുടെ വിഷമം അതല്ല മറ്റെന്തോ ഒരു വിഷമം അവളിൽ കുടിയിരിക്കുന്നുണ്ട്. അയൽക്കാരിയായ രാധുവിന്റെ കൂട്ടുകാരി ഓടി രാധുവിന്റെ അരികിൽ എത്തി. രാധുവിന്റെ കുക്കുവെന്ന അടുത്ത കൂട്ടുകാരി ഓടി രാധുവിന്റെ അരികിൽ എത്തി. കുക്കു ഓടി വന്നത് വളരെയധികം സന്തോഷത്തോടെയാണ് കുക്കുവിന്റെ കൈകൾ പുറകിൽ ഒളിച്ചുവച്ചു. അതൊരു വലിയ പൊതിയായിരുന്നു. അതിൽ ഉണ്ടായിരുന്നത് കുക്കുവിന്റെ പുത്തൻ പോപ്പി കുടയും ചെരുപ്പും ഒക്കെയായിരുന്നു. അത് രാധുവിനെ കാണിച്ച് കുക്കു കിതച്ചുകൊണ്ട് പറഞ്ഞു. കാരണം രാധു ഇത് എന്റെ അച്ഛൻ നല്ലത് എനിക്ക് വാങ്ങി തന്നതാ... നാളെ സ്കൂളിൽ പോവുമ്പോൾ എടുക്കാൻ ഉള്ളതാ....

പെട്ടെന്ന് മീനു ശ്രദ്ധിച്ചു. അല്ല നിന്റെ ബാഗും കുടയും ഒക്കെ ഒന്നെന്നെ കാണിക്കുമോ?

രാധു തേങ്ങി കരയാൻ തുടങ്ങി.....

എന്നിട്ട് പറഞ്ഞു....

" എനിക്കൊന്നും വാങ്ങി തന്നില്ല.... കുട്ടികളൊക്കെ എന്നെ പരിഹസിക്കും തീർച്ച... കുക്കു ആ പൊതിയും എടുത്തു വീട്ടിലേക്കോടി. അന്ന് രാത്രി നല്ല മഴയായിരുന്നു. രാധുവിന് ആകെയുള്ള പിഞ്ഞി കീറിയ കുപ്പായവും രാത്രി ഓലമേഞ്ഞ വീട്ടിൽനിന്ന് നനഞ്ഞ് നശിച്ചു പോയി. അന്ന് രാത്രി

രാധുവിന്റെ അച്ഛനോട്പറഞ്ഞു അച്ഛൻ വീട്ടിൽ വന്നില്ല....ആ മദ്യപാനി എപ്പോഴെങ്കിലും മാത്രമേ വീട്ടിൽ വരാറുള്ളൂ... പൊതുസ്ഥലങ്ങളിൽ കുടിച്ച് ആടി വീഴുകയാണ് പതിവ്. കഴിക്കാൻ ഭക്ഷണം പോലും കിട്ടാതെ രാധു മാവിൽ കല്ലെറിഞ്ഞ് മാങ്ങയാണ് ഭക്ഷിച്ചിരുന്നത്. അതിന്റെ സീസൺ. അടുത്ത ഫലം. അങ്ങനെ നേരം പുലർന്നു. നനഞ്ഞ പിഞ്ഞി കീറിയ പാവാടയും അഴുക്കുപിടിച്ച് എലി കീറിയ ബ്ലൗസും ധരിച്ച് കയ്യിൽ പുസ്തകം എടുത്തു അവൾ സ്കൂളിൽ പോവാൻ ഒരുങ്ങി. അന്ന് പ്രാതൽ ആയി ഒന്നുമുണ്ടായിരുന്നില്ല. രാധു കുക്കുവിനേയും കൂട്ടി സ്കൂളിൽ പോവാൻ ഇറങ്ങിയപ്പോൾ രാധു കുക്കുവിനെയൊന്ന് അടിമുടി നോക്കി. രാധു ഉണ്ടാവണം. അവളെ തന്നെ സ്വയം നോക്കി വിലയിരുത്തി. നനഞ്ഞ കുപ്പായം ഇട്ടതിനാൽ രാധുവിന് തണുപ്പ് അനുഭവപ്പെട്ടു. പിന്നീട് ദുർഗന്ധവും അങ്ങനെ അവൾ ചാമ്പക്ക പൊട്ടിച്ചും മാവിൽ കല്ലെറിഞ്ഞും സ്കൂളിലെത്തി. സ്കൂളിൽ കയറുമ്പോൾ തന്നെ പ്രവേശനോത്സവം എന്ന സ്വാഗത പരിപാടി ഉണ്ടായിരുന്നു. അവിടെ നവാഗതർക്ക് നൽകിയത് മിഠായിയും ബലൂണും ആയിരുന്നു. ഓരോരുത്തരെയായി അത് ഏറ്റുവാങ്ങാൻ പഞ്ചായത്ത് പ്രസിഡൻറ് വിളിച്ചു. ഒടുവിൽ രാധുവിനെയും. രാധുവിന് മധുരവും ബലൂണും നൽകിയശേഷം പഞ്ചായത്ത് പ്രസിഡൻറ് മൂക്കൊന്നു തുടച്ചു. നനഞ്ഞ വസ്ത്രം ധരിചതിനാൽ അതിൽനിന്നും ദുർഗന്ധം പുറത്തേക്ക് വരുന്നുണ്ടായിരുന്നു. രാധുവിന്റെ ക്ലാസ്സിൽ മുഴുവൻ പണക്കാരുടെ ഒക്കെ മക്കളായരുന്നു. അവളെ നോക്കി പല കുട്ടികളും പരിഹസിച്ചു ചിരിച്ചു. ഒപ്പം അറിയാതെ കുക്കുവും. രാധുവിന്റെ ടീച്ചർ ക്ലാസ്സിൽ വന്നു. അവളോട് മാത്രം ആ ടീച്ചർ ദേഷ്യത്തോടെ സംസാരിച്ചു. രാധുവിന് മുന്നറിയിപ്പ് നൽകി. ഇനി നല്ല യൂണിഫോം ധരിച്ച് സ്കൂളിൽ വരണമെന്ന്. വിഷമം സഹിക്കാനാവാതെ രാധു തേങ്ങി തേങ്ങി കരയാൻതുടങ്ങി. കഞ്ഞിക്കുള്ള മണി മുഴങ്ങിയപ്പോൾ അവൾ അടുത്തുള്ള വാഴയില പൊട്ടിച്ച് അതിൽ കഞ്ഞി വാങ്ങി. മറ്റു കുട്ടികൾ എല്ലാം സ്റ്റീൽ പ്ലേറ്റിൽ ആണ് കഞ്ഞി കുടിക്കുന്നത്. വൈകുന്നേരം സ്കൂൾ വിട്ടു. അവളുടെ കുടിയിലേക്ക് ഓടിക്കയറി. അമ്മയുടെ ഫോട്ടോ നെഞ്ചോട് ചേർത്തു വച്ച് കരഞ്ഞു. അവൾക്ക് ഇത്ര ചെറിയ പ്രായത്തിൽ തന്നെ ദൂഷണങ്ങൾക്ക് വഴങ്ങേണ്ട അവസ്ഥ വരെയായി. അന്ന് രാത്രി രാധുവിന്റെ അച്ഛൻ വന്നു. രാധു മെല്ലെ ഭയമോടെ അടുത്തു ചെന്നു. രാധുവിന്റെ അച്ഛൻ മദ്യപിച്ച് ആടി കുഴയുകയാണ്. അവൾ ഭയത്തോടെ വിളിച്ചു . അച്ഛാ.... കണ്ണുരുട്ടി കൊണ്ട് അവളെ നോക്കി. അവൾ പേടിച്ചു കാര്യം പറയാൻ തുടങ്ങി. എനിക്ക് ഇടാൻ നല്ല വസ്ത്രം ഇല്ല കുട പോലുമില്ല രാമു ദേഷ്യത്തോടെ അവളെ കണ്ണുരുട്ടി കൊണ്ട് നോക്കി. എന്നിട്ട് താടിയിൽ കൈ കൊട്ടുത്തുകൊണ്ട് പറഞ്ഞു. നീ ഇനി പഠിക്കാൻ പോകണ്ട. പൊട്ടിക്കരയാൻ തുടങ്ങി. അതും പറഞ്ഞ് രാമു ചാണകം തേച്ച തറയിൽ കുടിച്ചാടി വീണു. അങ്ങനെയൊരു ദിവസം

രാധുവിന്റെ വീടിന്റെ അപ്പുറത്ത് ബംഗാളികൾ ജാഗ കെട്ടി താമസിക്കുകയായിരുന്നു. രാധു മെല്ലെ ആ സ്ഥലത്തേക്ക് നടന്നു. ശബ്ദം പുറത്തേക്ക് കേൾക്കാൻ പറ്റാത്ത വിധം. അവൾ കരുതിയത് പോലെയത് ബംഗാളികൾ അല്ലായിരുന്നു. കൊങ്ങിണി ഭാഷ സംസാരിക്കുന്നവരായിരുന്നു അവിടെ ഒരു ചെറിയ കുഞ്ഞുവാവയും ഉണ്ടായിരുന്നു. ഏകദേശം ഒന്നര വയസ്സ് ഉണ്ടായിക്കാണും. ആ കുടിലിലെ ആളുകൾ രാധുവിനെ വിളിച്ചു. ഭയത്തോടെ അവൾ അടുത്തേക്ക് ചെന്നു. അവൾക്ക് ഒരു കോലുമിട്ടായി നൽകി. അതവൾ ആസ്വദിച്ചു കഴിച്ചു. പിന്നീട് അവരുമായി രാധു വളരെയധികം അടുത്തു. അവർ അവിടം വിട്ട് പോവുമ്പോൾ രാധുവിനെയും കൂടെ കൊണ്ടു പോവാൻ തീരുമാനിച്ചു. പോകുന്ന വഴിയിൽ രാധുവിന് പാവാട വാങ്ങാൻ അവർ തീരുമാനിച്ചു. അങ്ങനെയൊരു തുണിക്കടയിൽ കയറി . അവളോട് ഇഷ്ടപ്പെട്ട ഒരു പാവാട എടുക്കാൻ പറഞ്ഞപ്പോൾ അവളൊരു വെള്ള പാവാട എടുത്തു. അത് ഹൃദയത്തോട് ചേർത്തുവച്ചു. അവരിൽ ഒരാൾ അവളോട് ചോദിച്ചു. ഒറ്റനോട്ടത്തിൽ തന്നെ നിന്റെ കണ്ണുകൾ വീട്ടിലേക്ക് പാഞ്ഞുകയറാൻ കാരണം എന്താണ്. അവൾ പറയാൻ തുടങ്ങി. എന്റെ അമ്മ എനിക്ക് ഒരു വെളുത്ത പാവാട തൈച്ചുകൊണ്ടിരിക്കുമ്പോഴാണ് അമ്മയെ എനിക്ക് നഷ്ടമായത്. ആ പാവാട മുഴുവൻ തൈക്കാൻ അമ്മയ്ക്ക് കഴിഞ്ഞില്ല.

അമ്മയുടെ ഓർമ്മയ്ക്ക് വേണ്ടിയാണ് ഞാനിത് തന്നെ തിരഞ്ഞെടുക്കാൻ താല്പര്യം കാണിക്കുന്നത്.

അമ്മ ഇല്ലാത്തവർക്ക് അമ്മയെന്നാൽ അവസാനിക്കാത്ത കാണുമ്പോൾ മായുന്ന ഒരു സ്വപ്നം പോലെയാണ്
ചിലർക്ക് ......

നബീല ജൗഹറ. സി
x–B

# തിളക്കുന്ന ചോരകൾ

കൗമാരം ചോരത്തിളപ്പിന്റ കാലം.വെള്ളം താപം ലഭിക്കിമ്പോൾ 100 ഡിഗ്രി തിളക്കുന്നു അതുപോലെ രക്തം കൗമാരക്കാലമെത്തുമ്പോൾ തിളച്ചു മറിയുന്നു. ചില ഹോർമോണുകളുടെ വളർച്ചയാണിതിന് കാരണം. പല വികാരവിചാരങ്ങളുംതളിർത്തുപൊങ്ങുന്ന കാലമാണിത്. കൗമാരക്കാരാണ് ഇന്ന്ചൂഷണംചെയ്യപ്പെടുന്നവരിൽ ഒരു വിഭാഗം.സമൂഹത്തിലാവട്ടെ വീടുകളിലാവട്ടെ മറ്റെവിടെയും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണിവർ എന്തിന് ഇങ്ങനെ ഇരയാവേണ്ടിവരുന്നു?

സമൂഹത്തിൽ ഇന്ന് പ്രാധാന്യമേറിയ ഒരു മാധ്യമമാണ് 'സോഷ്യൽ മീഡിയ'ഇതിൽ അടിമകളല്ലാത്ത വളരെ ചുരുക്കം പേർ മാത്രമേ ഉണ്ടാവുകയുള്ളു. ഇതിലും, കൂടുതൽ ലഹരിപിടിച്ചവർ കൗമാരക്കാർ തന്നെ.14 മുതൽ 20 വയസ്സ് വരെയുള്ളവരാണ് ക്കൂടുതലും ഇതിനടിമകളായവർ എടുത്തുചാട്ടത്തിന്റ കാലമാണിത്.എന്തിന്റയും ഉള്ളറിയാതെ എടുത്തുചാടി ഓരോ വലയിലും ചെന്ന് പെടുകയാണ് സെൽഫോണുകൾ ദുരുപയോഗം ചെയ്ത് പലതും കാണുകയും കേൾക്കുകയും ചെയ്യുന്നു. അത് കൊണ്ടുള്ള ദോഷത്തേയും നാശത്തേയും മനസ്സിലാക്കുന്നില്ല എന്നതാണ് ഇതിനൊക്കെ ഇത്തരക്കാരെ കൊണ്ടെത്തിക്കാനുള്ള കാരണം അമിതമായിട്ടുള്ള ഇതിന്റ ഉപയോഗം ഇതിന്അടിമകളായവർ ഇതിൽ നിന്നും പിന്തിരിയാനാവാതെ ഓരോ വെല്ലുവിളികളേയും നേരിടേണ്ടി വരുന്നു എന്നത് യാഥാർത്ഥ്യം.അത് പോലെ ഇന്നത്തെ കൗമാരക്കാരെപിടിക്കുടുന്ന ഒന്നാണ് ലഹരി .ഇന്ന് മിക്ക പഥാർത്ഥങ്ങളിലും ലഹരിയുണ്ട് മിഠായികളിൽ നിന്നും ആരംഭിച്ച് കഞ്ചാവ് പോലുള്ള വലിയ വലിയ ലഹരിയിലേക്ക് എത്തുകയാണ് മിക്കവരും "കൂട്ടുകെട്ടിൽ"നിന്നുമാണ് ആരംഭിക്കുന്നത് കുട്ട്കെട്ട് ചീത്തയായാൽ എത്ര നല്ല കുടുംബത്തിൽപെട്ടവരുടെ മക്കളും ലഹരിയിൽഅടിമപ്പെട്ടാൽ അതിൽ നിന്നും പിന്തിരിയാൻ വളരെ പ്രയാസമാണ് കൗമാരക്കരെ വളരെ വേഗത്തിൽ പിടിപ്പെടുന്നു ഇങ്ങനെ പലതിലും ഇത്തരക്കാർ വളരെയധികം ചൂഷണം ചെയ്യപ്പെടുകയാണ് . വിടുകളിലാവട്ടെ മൊബൈലും പണവും കൊടുക്കാത്തതിന്റ പേരിൽ വഴക്കിടുന്നു മാതാപിതാക്കളോട് ദേഷ്യം പിടിക്കുന്നു ദേഷ്യവും എടുത്തു ചാട്ടവും കുടുതലായതിനാൽ ഈ പ്രായക്കാർ

എല്ലാബന്ധങ്ങളും മറന്ന് പോവുകയാണ് അമ്മയാരാണ്? അച്ഛനാരാണ്? ഗുരുവാരാണ്?

സാനിയ കെ പി
X.A

# പ്രകൃതി തൻ പ്രതികാരം

ഇന്നലെകളിൽ ബംഗാളികൾ തീർത്ത
മാനം മുട്ടും ഫ്ലാറ്റുകൾ....
കായൽ നികത്തി മുതലാളിമാർ
പ്രകൃതിയെ കീറിമുറിച്ചു
ഫ്ലാറ്റുകൾ ഉണ്ടാക്കി......
ഇന്നു നാം കണ്ടിടുന്നു
ഫ്ലാറ്റുകൾ പൊടിപടലമാകും
നിമിഷങ്ങൾ ........
പ്രകൃതിയെ തൊട്ടിടുന്നർ
കരുതിയിരിക്കേണ്ടവർ........
നാളെ കുരുതി കൊടുക്കേണ്ടവർ
പ്രകൃതി തൻ പ്രതികാരം
വീട്ടിടും കാലം വിദൂരമല്ലാ........
പ്രളയം കൊണ്ടും തീർന്നീടുന്നില്ല
പ്രകൃതി തൻ പ്രതികാരം.....

ussosdoddo
iuduhedsedeo


# അത്യാഗ്രഹിയായ അമ്മൂമ്മ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു വീട്ടിൽ മാധവി എന്ന അമ്മൂമ്മയും അവരുടെ രണ്ട് മക്കളും അവരുടെ ഭാര്യയും പേരക്കുട്ടികളും ആയിരുന്നു താമസം. ആ വീട്ടിൽ എവിടെ ഭക്ഷണമുണ്ടോ അവിടെ മാധവി അമ്മ ഉണ്ടാവും. മക്കൾ രണ്ടു പേരും പണിക്കു പോകും.മരുമക്കൾ വീട്ടുജോലിയും ചെയ്യും.അമ്മൂമ്മ ഇതൊന്നും ചെയ്യാതെ ഇരിക്കും. മരുമക്കൾ എവിടെയെങ്കിലും പണിയെടുക്കുന്നതു കണ്ടാൽ അമ്മൂമ്മ അപ്പോൾ തുടങ്ങും വിളി.

# വരകൾ വർണങ്ങൾ












# നന്ദി